പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2757 02.04.2013 ലെ മറുപടിയ്ക്ക്.

ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാസമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ് *(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഒരു വർഷം പിന്നിട്ട അപേക്ഷകളിൽ പോലും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ? | (ബി) | ജീവനക്കാരുടെ കുറവ്, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, ഡിഗ്രി സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ എന്നിവ ഒരേ സമയത്ത് ചെയ്യേണ്ടിവരുമ്പോൾ മുൻഗണന ഫലപ്രഖ്യാപനത്തിന് നൽകേണ്ടിവരുന്നു. കൂടാതെ സെനറ്റിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. അപ്പോൾ ഡിഗ്രി സർട്ടിഫിക്കേറ്റ് നൽകാൻ താമസം വന്നേയ്ക്കാം |
| (സി) | ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി അപേക്ഷിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | പരീക്ഷാ സംവിധാനം ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സർവ്വകലാശാലകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് 5 സർവ്വകലാശാലകൾക്കായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ